LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ അപകടങ്ങൾ

315 (1359) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ സംസ്ഥാനത്ത് അപകടങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കാൻ നിർമ്മാണ മേഖലകളിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളേയും സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ വിദഗ്ധാഭിപ്രായം ശ്രദ്ധീകരിച്ച് നിർമ്മാണ മേഖലകളിൽ കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി പ്രവൃത്തി നടക്കുന്ന സ്ഥലത്ത് അവശ്യം വേണ്ടുന്ന ബാരിക്കേഡുകൾ, രാത്രികാലങ്ങളിൽ വെളിച്ചത്തിനുള്ള സംവിധാനങ്ങൾ, തൊഴിലാളികൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും അപകടം പറ്റുന്ന പക്ഷം വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികൾക്കുള്ള ഇൻഷുറൻസിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നാട്ടുകൽ-ഇമ്പക്കണ്ണി കടമ്പഴിപ്പുറം റോഡ് ബി.എം. & ബി.സി. ചെയ്യാൻ നടപടി

316 (1360) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ നാട്ടുകൽ-പാറോട്-ചെഞ്ഞല്ലൂർ-മുറിയം കണ്ണി-പാനാംകുന്ന്-ഇരക്കിണ്ടൽ-കരിപ്പമണ്ണ കരിമ്പുഴ കുട്ടിലക്കടവ്-പേഴുമട്ട-ചുള്ളിയോട്-വാക്കടപ്പുഴം-ഇമ്പക്കണ്ണി കടമ്പഴിപ്പുറം റോഡ് ഗതാഗതത്തിരക്ക് കൂടിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;